**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 680** | **09-06-2021 - ൽ മറുപടിയ്ക്ക്**

**പ്രളയകാലത്ത് പമ്പാ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണ്ണും മണലും മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . ടി. വി. ഇബ്രാഹിം** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയകാലത്ത് പമ്പാ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണ്ണും മണലും ദുരന്തനിവാരണ നിയമപ്രകാരം മാറ്റുന്നതിന് തീരുമാനിച്ചിരുന്നോ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) | ഈ മണൽ നീക്കുന്നതിന് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിച്ചിരുന്നോ; വിശദാംശം നൽകാമോ; | (ബി) | പ്രളയകാലത്ത് പമ്പാ ത്രിവേണിയിൽ അടിഞ്ഞുകൂടിയിരുന്ന അവശിഷ്ടങ്ങളും, ചെളി, പ്ലാസ്റ്റിക് മാലിന്യങ്ങൾ, തുണി മാലിന്യങ്ങൾ തുടങ്ങിയവയും സൗജന്യമായി നീക്കം ചെയ്യുന്നതിന് കേരള ക്ലെയ്സ് & സെറാമിക് പ്രൊഡക്ട്സ്, കണ്ണൂർ എന്ന പൊതുമേഖലാ സ്ഥാപനത്തിന് റവന്യൂ വകുപ്പിന്റെ 06.03.2020-ലെ REV-DEV 2/71/2020-REV നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിരുന്നു. |
| (സി) | ഈ മണൽ വനാതിർത്തി കടത്തി കൊണ്ടുപോകുന്നത് വനം വകുപ്പ് തടഞ്ഞിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ? | (സി) | തടഞ്ഞിട്ടുണ്ട്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊള്ളുന്നത് 1980 ലെ വന സംരക്ഷണ നിയമത്തിന് വിധേയമാണ്. പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 2 പ്രകാരം അത്തരം പ്രവർത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിന് യൂസർ ഏജൻസി നിശ്ചിത മാതൃകയിൽ അപേക്ഷ നൽകി അനുമതി കരസ്ഥമാക്കേണ്ടതാണ്. നിലവിൽ പമ്പ നദിയിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനും വിൽക്കുന്നതിനുമായി ആരും വനം വകുപ്പിനു മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നും മേൽ പ്രകാരമുള്ള അനുമതി കൂടാതെ പമ്പ നദിയിൽ നിന്നും മണൽ വനാതിർത്തിക്കു പുറത്ത് കൊണ്ടുപോകുന്നത് വന സംരക്ഷണ നിയമത്തിന് വിരുദ്ധമാണെന്നും ടി വിഷയം നിലവിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ പരിഗണനയിലുള്ളതാണെന്നും അഡീഷണൽ |

| | | | |
|---|---|---|---|
| | | | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ